**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 73** **05-12-2022 - ൽ മറുപടിയ്ക്ക്**

**ലോക കേരള സഭയുടെ ലണ്ടൻ മേഖലാ സമ്മേളനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ലോക കേരള സഭയുടെ ലണ്ടൻ മേഖലാ സമ്മേളനത്തിൽ കേരളത്തിൽ നിന്ന് ഏതെല്ലാം മന്ത്രിമാരും സർക്കാർ ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2022 ഒക്ടോബർ മാസത്തിൽ മുഖ്യമന്ത്രി നടത്തിയ ലണ്ടൻ സന്ദർശനത്തിൽ കേരളത്തിൽ നിന്ന് ചുവടെ പറയുന്ന മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.<br><br>• ശ്രീ.പി.രാജീവ്, വ്യവസായവും നിയമവും വകുപ്പ് മന്ത്രി<br>• ശ്രീ.വി.ശിവൻകുട്ടി, പൊതു വിദ്യാഭ്യാസ – തൊഴിൽ വകുപ്പ് മന്ത്രി<br>• ശ്രീമതി.വീണാ ജോർജ്ജ്, ആരോഗ്യ, വനിതാ-ശിശു വികസന വകുപ്പ് മന്ത്രി<br>• ഡോ.വി.കെ രാമചന്ദ്രൻ, സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ<br>• ഡോ.വി.പി.ജോയി, ചീഫ് സെക്രട്ടറി<br>• ഡോ.കെ.രവിരാമൻ (ആസൂത്രണ ബോർഡ് അംഗം)<br>• ശ്രീ.വേണു രാജാമണി, ഒ.എസ്.ഡി (വിദേശ സഹകരണം)<br>• ശ്രീ.പി.ശ്രീരാമകൃഷ്ണൻ, റെസിഡന്റ് വൈസ് ചെയർമാൻ, നോർക്ക റൂട്ട്സ്<br>• ശ്രീ.സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി<br>• ശ്രീ.എ.പി.എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി<br>• ശ്രീ.ഹരികൃഷ്ണൻ നമ്പൂതിരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്<br>• ശ്രീ.അജിത് കോളാശ്ശേരി, അഡീഷണൽ സെക്രട്ടറി & ജനറൽ മാനേജർ, നോർക്ക റൂട്ട്സ്<br>• ശ്രീ.വി.എം.സുനീഷ്, മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ് |
| (ബി) | ലോക കേരള സഭയുടെ ഏത് സമ്മേളനത്തിലാണ് ഇപ്രകാരം മേഖലാ സമ്മേളനങ്ങൾ ചേരുന്നതിന് | (ബി) | ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിൽ ഉയർന്നു വന്ന ശിപാർശയുടെ |

| | | | |
|---|---|---|---|
| | തീരുമാനിച്ചതെന്നും പ്രസ്തുത സമ്മേളനത്തിന്റെ ചെലവുകൾ നിർവ്വഹിച്ചത് ആരാണെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | | അടിസ്ഥാനത്തിലാണ് മേഖലാ സമ്മേളനങ്ങൾ ചേരുന്നതിന് തീരുമാനമെടുത്തത്. സമ്മേളനത്തിന്റെ ചെലവുകൾ പ്രധാനമായും ലോക കേരള സഭാ അംഗങ്ങളും പ്രവാസി സംഘടനകളുമാണ് വഹിച്ചിട്ടുള്ളത്. |
| (സി) | മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും യാത്രാചെലവുകൾ നിർവ്വഹിച്ചത് ആരാണെന്നും ഈ ഇനത്തിൽ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | (സി) | ചെലവുകൾ സംബന്ധിച്ച ബില്ലുകൾ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളു. ഔദ്യോഗിക യാത്രയുടെ ഭാഗമല്ലാത്തവരുടെ ചെലവുകൾ സ്വന്തം നിലയിലാണ് നിർവ്വഹിച്ചിട്ടുള്ളത്. |
| (ഡി) | മുഖ്യമന്ത്രിയെയും മന്ത്രിമാരെയും കുടുംബാംഗങ്ങൾ യാത്രയിൽ അനുഗമിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് യാത്രയിൽ അനുഗമിച്ചതെന്നും കുടുംബാംഗങ്ങളുടെ യാത്രാചെലവുകൾ ആരാണ് നിർവഹിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ഡി) | ചെലവുകൾ സംബന്ധിച്ച ബില്ലുകൾ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളു. ഔദ്യോഗിക യാത്രയുടെ ഭാഗമല്ലാത്തവരുടെ ചെലവുകൾ സ്വന്തം നിലയിലാണ് നിർവ്വഹിച്ചിട്ടുള്ളത്. |
| (ഇ) | ലോക കേരള സഭയുടെ മേഖല സമ്മേളനത്തിനായി ലണ്ടനിൽ എത്തിയ മുഖ്യമന്ത്രിയും മന്ത്രിമാരും കുടുംബാംഗങ്ങളും താമസിച്ചത് ഏത് ഹോട്ടലിലാണ്; അവിടുത്തെ താമസത്തിനുള്ള ചെലവ് നിർവ്വഹിച്ചത് ആരാണ്; ഈ ഇനത്തിൽ സർക്കാർ ഖജനാവിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) | 2022 ഒക്ടോബർ മാസത്തിൽ മുഖ്യമന്ത്രി നടത്തിയ ലണ്ടൻ സന്ദർശനത്തിൽ, മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരും താമസിച്ചിരുന്നത് ലണ്ടനിലെ താജ് ഗ്രൂപ്പിന്റെ സെന്റ് ജെയിംസ് കോർട്ട് ഹോട്ടലിൽ ആയിരുന്നു. സംഘത്തിന്റെ താമസം സംബന്ധിച്ച ചെലവുകൾ കേന്ദ്ര ധനമന്ത്രാലയത്തിന്റെ അനുമതി ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ഇന്ത്യൻ എംബസി മുഖേനയാണ് കണ്ടെത്തിയിട്ടുള്ളത്. വിശദാംശങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ